**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** | **07-07-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് എല്ലാതരത്തിലുമുള്ള വ്യവസായങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ചും വ്യവസായ കുതിപ്പിന് വഴിയൊരുക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്.<br><br>പാലക്കാട് നോഡിൽ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ - I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ - II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ - III വില്ലേജിൽ 375 ഏക്കറും അയ്യമ്പുഴയിൽ GIFT CITY സ്ഥാപിക്കുന്നതിനായി 358 ഏക്കറും ഉൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്.<br><br>ബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂരിലേക്കും കൊച്ചിയിലേക്കും ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരം നല്കി. ഇതേ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA) കൂടാതെ പദ്ധതി<br><br>നടപ്പിലാക്കുന്നതിനുള്ള Share Holders Agreement (SHA) NICDITയും കിൻഫ്രയും ഒക്ടോബർ 22, 2020 ന് ബഹു.മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് ആ കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി |

വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്.

പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് $CH_2M$ എന്ന ഏജൻസിയെ (ഇപ്പോൾ ജേക്കബ്സ് എന്ന് അറിയപ്പെടുന്നു) NICDITചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും, NICDIT ന്റെ പ്രതിനിധിയും ഉൾപ്പെടെയുള്ള അംഗങ്ങൾ ഉള്ള Kerala Industrial Corridor Development Corporation (KICDC) എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബാധ്യതകളില്ലാതെയാണ് ഭൂമി കമ്പനിക്ക് കൈമാറുന്നത്. ഭൂമിയുടെ വിലയ്ക്ക് തുല്യമായ ധനസഹായം കേന്ദ്ര സർക്കാർ നല്കും.

വ്യവസായ ഇടനാഴി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും പുരോഗതി അവലോകനം നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർ പ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-I ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-II ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി-॥ ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി ഗിഫ്റ്റ് സിറ്റി സ്ഥാപിക്കുന്നതിന് കൊച്ചിയിലെ

അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു

കഴിഞ്ഞു. ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ട് നോഡുകളിലായി ഏറ്റെടുക്കുന്നതിനായി തീരുമാനിച്ച 2242 ഏക്കർ

| | | | |
|---|---|---|---|
| | | | ഭൂമിയിലെ 70% ഭൂമിയും മെയ് മാസത്തോടെ ഏറ്റെടുത്തു കഴിഞ്ഞു. |
| (ബി) | ഏറ്റെടുത്ത ഭൂമിയിൽ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്.<br><br>പാലക്കാട് നോഡിൽ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ - I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ - II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ - III വില്ലേജിൽ 375 ഏക്കറും അയ്യമ്പുഴയിൽ GIFT CITY സ്ഥാപിക്കുന്നതിനായി 358 ഏക്കറും ഉൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്.<br><br>ബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂരിലേക്കും കൊച്ചിയിലേക്കും ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരം നല്കി. ഇതേ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA) കൂടാതെ പദ്ധതി<br><br>നടപ്പിലാക്കുന്നതിനുള്ള Share Holders Agreement (SHA) NICDITയും കിൻഫ്രയും ഒക്ടോബർ 22, 2020 ന് ബഹു.മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് ആ കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്.<br><br>പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് $CH_2M$ എന്ന ഏജൻസിയെ (ഇപ്പോൾ ജേക്കബ്സ് എന്ന് അറിയപ്പെടുന്നു) NICDITചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും, NICDIT ന്റെ പ്രതിനിധിയും ഉൾപ്പെടെയുള്ള അംഗങ്ങൾ ഉള്ള Kerala Industrial |

| | | | |
|---|---|---|---|
| | | | Corridor Development Corporation (KICDC) എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബാധ്യതകളില്ലാതെയാണ് ഭൂമി കമ്പനിക്ക് കൈമാറുന്നത്. ഭൂമിയുടെ വിലയ്ക്ക് തുല്യമായ ധനസഹായം കേന്ദ്ര സർക്കാർ നല്കും.<br><br>വ്യവസായ ഇടനാഴി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും പുരോഗതി അവലോകനം നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർ പ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-I ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-II ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി-॥ ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി ഗിഫ്റ്റ് സിറ്റി സ്ഥാപിക്കുന്നതിന് കൊച്ചിയിലെ<br><br>അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു<br><br>കഴിഞ്ഞു. ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ട് നോഡുകളിലായി ഏറ്റെടുക്കുന്നതിനായി തീരുമാനിച്ച 2242 ഏക്കർ ഭൂമിയിലെ 70% ഭൂമിയും മെയ് മാസത്തോടെ ഏറ്റെടുത്തു കഴിഞ്ഞു. |
| (സി) | പ്രസ്തുത വ്യവസായ ഇടനാഴിയിൽ ആരംഭിക്കാവുന്ന വ്യവസായങ്ങളുടെ സാധ്യതകൾ സംബന്ധിച്ച പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; ഏതൊക്കെ തരത്തിലുള്ള വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാലക്കാട് ക്ലസ്റ്ററിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പദ്ധതിയുടെ Market Demand Assessment ഉം Master Plan ഉം തയ്യാറാക്കുന്നതിന് M/s Jacobs എന്ന ഏജൻസിയെ NICDIT |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പഠനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇത് പൂർത്തിയാകുന്ന മുറക്ക് ഏതു തരത്തിലുള്ള വ്യവസായ ക്ലസ്റ്ററുകളാണ് അനുയോജ്യം എന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ